കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# സാക്ഷരം

വാർത്താപത്രിക

2019 നവംബർ




**വയനാട്ടിലെ ആദിവാസി ഊരുകളിൽ സമ്പൂർണ സാക്ഷരതാപദ്ധതി ആരംഭിച്ചു**

**അട്ടപ്പാടി സമ്പൂർണ സാക്ഷരതായജ്ഞത്തിന് തുടക്കമായി**

**കുടുംബശ്രീയുമായി സഹകരിച്ച് നൂതന പദ്ധതി 'സമ'**

**ആറളത്ത് ആദിവാസി സാക്ഷരതാപദ്ധതി 'ആദിശ്രീ'**

**കശുവണ്ടി തൊഴിലാളികൾക്കായി പുതിയ പദ്ധതി 'ദിശ'**

**'സമഗ്ര' 1,000 ഊരുകൾക്ക് 100 പത്താംതരം, ഹയർ സെക്കൻഡറി പഠനകേന്ദ്രങ്ങൾ**

**സാക്ഷരതാമിഷന് പുതിയ ആസ്ഥാനമന്ദിരം**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
സാക്ഷരം
വാർത്താപത്രിക

## അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പുതിയ മാനങ്ങൾ

കേരളത്തിന്റെ അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ രാജ്യം അംഗീകരിക്കുന്ന സന്ദർഭമാണിത്. ഡൽഹിയിൽ നടന്ന ലോകസാക്ഷരതാദിനാഘോഷച്ചടങ്ങിൽ നമ്മുടെ കേരളം മാതൃകയാണെന്ന് അഭിനന്ദിക്കപ്പെട്ടു. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിൽ സ്കൂളിനോടൊപ്പം സമൂഹത്തെയും ഉൾപ്പെടുത്താൻ സർക്കാർ തയ്യാറായതിന്റെ ഫലമാണത്.

വിവിധ പാർശ്വവത്കൃത വിഭാഗങ്ങൾ ഇന്ന് സമൂഹത്തിൽ ദൃശ്യരായിക്കഴിഞ്ഞു. ആത്മവിശ്വാസം നൽകി അവരെ ചുവടുറപ്പിച്ചു നിർത്താൻ സാക്ഷരതാമിഷനെ പ്രാപ്തമാക്കുന്ന തരത്തിൽ സ്വന്തമായ ആസ്ഥാനമന്ദിരവും സർക്കാർ യാഥാർഥ്യമാക്കി.

ഇതെല്ലാം അടയാളപ്പെടുത്തുന്നതാണ് ഇത്തവണത്തെ ‘സാക്ഷരം’...

സ്നേഹത്തോടെ,

ഡോ. പി.എസ്.ശ്രീകല
എഡിറ്റർ & ഡയറക്ടർ

എഡിറ്റർ **ഡോ. പി.എസ്.ശ്രീകല, ഡയറക്ടർ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസി. എഡിറ്റർ **ചിത്ര നാരായണൻ**
കവർ & ലേഔട്ട് **എസ്.വി.സനൂപ്**
കവർ ചിത്രം **നിത്യൻ എം.പി.**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
ടി.സി. 27/1461, കോൺവെന്റ് റോഡ്, കമ്മട്ടം ലെയ്ൻ,
വഞ്ചിയൂർ, തിരുവനന്തപുരം - 35
saksharamkslma@gmail.com

## ഉദ്ഘാടന കാഴ്ചകൾ











# സാക്ഷരതാമിഷന് പുതിയ ആസ്ഥാനമന്ദിരം

- കോൺഫറൻസ്-സെമിനാർ ഹാളുകൾ, വായനശാല, പുസ്തക ഗോഡൗൺ
- ട്രാൻസ്ജൻഡേഴ്സിനും ഭിന്നശേഷിക്കാർക്കും പ്രത്യേക സൗകര്യങ്ങൾ
- പരിസ്ഥിതി സൗഹൃദ കെട്ടിടം
- എൽ.ഡി.എഫ് സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2018 മെയ് 31ന് മുഖ്യമന്ത്രി പിണറായി വിജയനാണ് കെട്ടിടത്തിന് തറക്കല്ലിട്ടത്



**ഒക്ടോബർ 31ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു**

# അട്ടപ്പാടി സമ്പൂർണ സാക്ഷരതായജ്ഞം

- അട്ടപ്പാടി ആദിവാസി മേഖലയിലെ അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനുള്ള സമ്പൂർണ സാക്ഷരതായജ്ഞം ആരംഭിച്ചു
- സെപ്തംബർ 27ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു
- പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ വകുപ്പുകളുടേയും സഹകരണം
- ഷോളയൂർ, പുത്തൂർ, അഗളി പഞ്ചായത്തുകളിലെ 198 ഊരുകളിലും ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി
- ഇൻസ്ട്രക്ടർമാർക്കുള്ള കൈപ്പുസ്തക നിർമാണ ശിൽപ്പശാല നവംബർ 6, 7 തീയതികളിൽ നടന്നു
- ഡിസംബർ 10ന് പ്രവേശനോത്സവം





- സെപ്തംബർ 19ന് സംഘാടകസമിതി രൂപീകരിച്ചു
- ഒക്ടോബർ 20ന് എല്ലാ ഊരുകളിലും സർവേ നടന്നു
- സർവേ ടീമിൽ അംഗങ്ങളായി 2,054 പേർ
- ഇൻസ്ട്രക്ടർമാർ, സാക്ഷരതാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, എസ്.ടി പ്രൊമോട്ടർമാർ, ആശാവർക്കർമാർ, വിദ്യാർഥികൾ തുടങ്ങിയവർ സർവേ ടീം അംഗങ്ങൾ
- സർവേ ഉദ്ഘാടനം ചലച്ചിത്ര താരം പൃഥ്വിരാജ് നിർവഹിച്ചു





**അട്ടപ്പാടി സമ്പൂർണ സാക്ഷരതാ പ്രഖ്യാപനം 2020 ഏപ്രിൽ 18ന്**

# വയനാട് ആദിവാസി സാക്ഷരതാപദ്ധതി

- വയനാട്ടിലെ ആദിവാസി ഊരുകളിലെ അവശേഷിക്കുന്ന മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കുന്ന പദ്ധതിക്ക് തുടക്കമായി
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും നടപ്പിലാക്കുന്ന ജനകീയ സംരംഭം
- 501 പേരടങ്ങുന്ന ജില്ലാതല സംഘാടകസമിതി സെപ്തംബർ 23ന് രൂപീകരിച്ചു
- ഒക്ടോബർ 20ന് ജനകീയ സാക്ഷരതാസർവേ നടന്നു
- ഡിസംബർ 10ന് പ്രവേശനോത്സവം, എല്ലാ ഊരുകളിലും അക്ഷരദീപം









- മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംഘാടക സമിതി രൂപീകരിച്ചു
- പഞ്ചായത്ത് കോ-ഓർഡിനേറ്റർ-മാർക്ക് ഒക്ടോബർ 10ന് പരിശീലനം നൽകി
- സർവേ ടീം അംഗങ്ങളുടെ പരിശീലനം ഒക്ടോബർ 16, 17 തീയതികളിൽ നടന്നു
- ഇൻസ്ട്രക്ടർമാർ, പഞ്ചായത്ത്-കോർപ്പറേഷൻ അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സാക്ഷരതാപ്രവർത്തകർ, സ്കൂൾ വിദ്യാർഥികൾ തുടങ്ങിയവർ സർവേയിൽ പങ്കാളികളായി
- 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകി
- നവംബർ 19, 20 തീയതികളിൽ ഇൻസ്ട്രക്ടർമാർക്കുള്ള കൈപ്പുസ്തക നിർമാണ ശിൽപ്പശാല സംഘടിപ്പിച്ചു

**വയനാട് ആദിവാസി ഊരുകൾ 2020 മെയ് 1ന് സമ്പൂർണ സാക്ഷരത കൈവരിക്കും**

# പരീക്ഷാച്ചൂടിൽ അക്ഷരശ്രീ പഠിതാക്കൾ

- സാക്ഷരതാമികവുത്സവം 100 വാർഡുകളിലും നടന്നു
- 74 വാർഡുകൾ സാക്ഷരതാമികവുത്സവം ഒക്ടോബർ 13ന് നടത്തി. 23 വയസ്സുമുതൽ 85 വയസ്സുവരെ പ്രായമുള്ള 2,057 പേർ പങ്കെടുത്തു
- വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 26 വാർഡുകളിൽ നവംബർ 10ന് മികവുത്സവം സംഘടിപ്പിച്ചു. 683 പേർ പങ്കെടുത്തു
- പത്താംതരത്തിൽ 1,074 പേർ പരീക്ഷ എഴുതും
- ഹയർ സെക്കൻഡറിയിൽ 1,055 പഠിതാക്കൾ
- നവംബർ 22, 23 തീയതികളിൽ പഠിതാക്കൾക്കായി പരീക്ഷാപരിശീലനം
- ക്ലാസുകൾ സന്ദർശിക്കാൻ ജനപ്രതിനിധികളും
- 2020 ജനുവരി 5ന് നാല്, ഏഴ് തുല്യതാപരീക്ഷകൾ









## പഠിതാക്കളുടെ പ്രവർത്തനങ്ങൾ

- എല്ലാ പഠനകേന്ദ്രങ്ങളിലും പരിസ്ഥിതി ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു
- വൃക്ഷത്തൈകൾ നട്ടു
- പ്രളയദുരിതാശ്വാസത്തിന് സാധനസാമഗ്രികൾ ശേഖരിച്ച് നൽകി
- എല്ലാ വാർഡുകളിലും പഠിതാക്കളുടെ ഓണാഘോഷ പരിപാടികൾ നടന്നു. ഇൻസ്ട്രക്ടർമാരും പങ്കെടുത്തു. അക്ഷരസദ്യ ഒരുക്കി
- അക്ഷരശ്രീ പത്ത്, ഹയർ സെക്കൻഡറി പഠിതാക്കൾ പഠനയാത്രകൾ സംഘടിപ്പിച്ചു
- പഠിതാക്കൾ തുടർവിദ്യാഭ്യാസ കലോത്സവത്തിൽ പങ്കെടുത്തു

**2,740 പഠിതാക്കൾ സാക്ഷരതാ മികവുത്സവത്തിൽ പങ്കെടുത്തു**

# ചങ്ങാതി



## ചങ്ങാതി ഇതരസംസ്ഥാന സാക്ഷരതാപദ്ധതി

- രണ്ടാംഘട്ടം പദ്ധതി നടന്നുവരുന്നു
- പദ്ധതി നടക്കുന്നത് 14 ജില്ലകളിലെയും 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ
- ആകെ പഠിതാക്കൾ **3,311**

# നവചേതന



## നവചേതന പട്ടികജാതി സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി

- രണ്ടാംഘട്ടത്തിൽ പദ്ധതി നടക്കുന്നത് 100 കോളനികളിൽ
- ആദ്യഘട്ടത്തിലെ 1,919 പേർ നാലാംതരം തുല്യതയിൽ
- നിലവിലെ സാക്ഷരതാ പഠിതാക്കൾ **2,358**

# അക്ഷരസാഗരം



## അക്ഷരസാഗരം തീരദേശ സാക്ഷരതാപദ്ധതി

- മൂന്നാംഘട്ടം പദ്ധതി നടന്നുവരുന്നു
- പദ്ധതി നടക്കുന്നത് ആലപ്പുഴ, തൃശൂർ, കണ്ണൂർ ജില്ലകളിലെ 138 വാർഡുകളിൽ
- നാലാംതരം തുല്യതയ്ക്ക് **2,574** പേർ

# സമഗ്ര



## സമഗ്ര ആദിവാസി സാക്ഷരതാ തുല്യതാപദ്ധതി

- ആകെ സാക്ഷരതാപഠിതാക്കൾ **2,514**
- ആദിവാസി വിഭാഗത്തിലുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളവർ അധ്യാപകരാകും
- 10 ഊരുകൾ ചേർന്ന ഒരു ക്ലാസിന് ഒരു പത്താംതരം തുല്യതാകേന്ദ്രവും ഒരു ഹയർ സെക്കൻഡറി തുല്യതാകേന്ദ്രവും
- ഓരോ കോഴ്സിലും 25 ആദിവാസി പഠിതാക്കൾ
- 100 കേന്ദ്രങ്ങളിലായി 5,000 ആദിവാസി പഠിതാക്കൾ
- പഠിതാക്കൾക്ക് സ്കോളർഷിപ്പ്









# 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പരിപാടി

- പിണറായി വിജയൻ സർക്കാർ 1000 നല്ലദിനങ്ങൾ പരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതി
- പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് ആദിവാസി, പട്ടികജാതി, തീരദേശ കോളനി നിവാസികൾ
- പദ്ധതിയിൽ 46,815 പേർ പഠിതാക്കൾ
- ആഗസ്റ്റ് 10 മുതൽ 31 വരെ 2,000 കോളനികളിലും തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ നേതൃത്വത്തിൽ അക്ഷരയാത്ര സംഘടിപ്പിച്ചു
- ജനപ്രതിനിധികൾ, പഠിതാക്കൾ, പ്രേരക്മാർ എന്നിവർ പങ്കാളികളായി

- ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവങ്ങൾ നടന്നുവരുന്നു
- ഇതരസംസ്ഥാന തൊഴിലാളി പഠിതാക്കൾ, ട്രാൻസ്ജെൻഡർ പഠിതാക്കൾ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് പ്രത്യേക മത്സരവിഭാഗം
- സംസ്ഥാന തുടർവിദ്യാഭ്യാസ കലോത്സവം ജനുവരി 10, 11, 12 തീയതികളിൽ തിരുവനന്തപുരത്ത്

# സാക്ഷരതാ തുടർവിദ്യാഭ്യാസ കലോത്സവം
























## കേരള മോഡലിന് അംഗീകാരം

- ലോക സാക്ഷരതാദിനത്തോടനു ബന്ധിച്ച് കേന്ദ്ര സ്കൂൾ എഡ്യൂക്കേഷൻ & ലിറ്ററസി ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച പരിപാടിയിൽ സംസ്ഥാന സാക്ഷരതാമിഷന് ക്ഷണം ലഭിച്ചു
- നിരക്ഷരതാനിർമാർജനത്തി നായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം നടപ്പാക്കുന്ന പുതിയ പദ്ധതിയായ 'പഢ്നാ ലിഖ്നാ അഭിയാ'നിൽ കേരളത്തെ ഉൾപ്പെടുത്തി
- പദ്ധതി ആവിഷ്കരിക്കുന്നത് കേരളത്തിലെ തുടർവിദ്യാഭ്യാസ പദ്ധതിയെ മാതൃകയാക്കി

## സമന്വയ

### ട്രാൻസ്ജൻഡേഴ്സിനുള്ള തുടർവിദ്യാഭ്യാസ പദ്ധതി

- പഠിതാക്കൾക്ക് സൗജന്യ പഠനവും സ്കോളർഷിപ്പും
- പത്താംതരം വിജയിച്ചത് 21 പഠിതാക്കൾ
- പത്തനംതിട്ടയിലെ സമന്വയ പഠനവീടിനും ഗ്രന്ഥശാലയ്ക്കും മികച്ച പ്രതികരണം
- നിലവിൽ പഠിതാക്കൾ
  പത്താംതരം **14**
  ഹയർ സെക്കൻഡറി **68**

## പുതിയ പദ്ധതികൾ

### സമ

- കുടുംബശ്രീയുമായി സഹകരിച്ച് നടത്തുന്ന പരിപാടി
- ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ 50 പത്താംതരം പഠിതാക്കളും 50 ഹയർ സെക്കൻഡറി പഠിതാക്കളും
- സെന്റർ കോ-ഓർഡിനേറ്റർമാരും അധ്യാപകരും കുടുംബശ്രീ പ്രവർത്തകർ
- രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു

### ആദിശ്രീ
#### ആദിവാസി സാക്ഷരതാപദ്ധതി

- ആറളം ഫാമിലെ നിരക്ഷരത നിർമാർജനത്തിനായി ആരംഭിക്കുന്ന പദ്ധതി
- പദ്ധതി ആരംഭിക്കുന്നത് കുടുംബശ്രീയുമായി ചേർന്ന്
- 2019 നവംബർ 16ന് ആരംഭിച്ചു

### ദിശ

- കൊല്ലം ജില്ലയിലെ കശുവണ്ടി തൊഴിലാളികളിലെ നിരക്ഷരതാനിർമാർജനത്തിനായി ആരംഭിക്കുന്ന പദ്ധതി
- ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നത് 30 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെ
- പദ്ധതി നടപ്പാക്കുന്നത് കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ച്
- പത്താംതരം, ഹയർ സെക്കൻഡറി ക്ലാസുകൾ 2020 ജനുവരി ഒന്നിന് ആരംഭിക്കും
- സർവേ നടപടികൾ ആരംഭിച്ചു
- ആകെ **13,471** പഠിതാക്കൾ











**അക്ഷരശ്രീ നാലാംതരം, ഏഴാംതരം പരീക്ഷാർത്ഥികൾ 4,090**

# ഇത് പരീക്ഷാക്കാലം

- അക്ഷരശ്രീ – നാലാംതരം, ഏഴാംതരം പരീക്ഷയും അക്ഷരസാഗരം, നവചേതന, 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പദ്ധതി എന്നിവയുടെ സാക്ഷരതാ പരീക്ഷയും 2020 ജനുവരി 5ന്
- ചങ്ങാതി പദ്ധതിയുടെ സാക്ഷരതാ പരീക്ഷ 2020 ജനുവരി 19ന്
- പത്താംതരം, ഹയർ സെക്കൻഡറി തുല്യതാപരീക്ഷകൾ ഡിസംബർ 21 മുതൽ
- നവംബർ 16, 17 തീയതികളിൽ പ്രോജക്ട് ഒഴികെയുള്ള നാലാംതരം, ഏഴാംതരം പഠിതാക്കൾ തുല്യതാപരീക്ഷയെഴുതി
- നവംബർ 23, 24 തീയതികളിൽ സമഗ്ര, നവചേതന, അക്ഷരസാഗരം പദ്ധതികളുടെ നാലാംതരം, ഏഴാംതരം പഠിതാക്കൾ തുല്യതാപരീക്ഷയെഴുതി

| പരീക്ഷ എഴുതിയവർ | |
|---|---|
| പ്രോജക്ട് ഒഴികെ നാലാംതരം | 19,950 |
| പ്രോജക്ട് ഒഴികെ ഏഴാംതരം | 14,840 |
| സമഗ്ര | 1,433 |
| നവചേതന | 1,329 |
| അക്ഷരസാഗരം | 1,943 |
| ആകെ | 39,495 |







Edited, Printed & Published by Dr. P.S.Sreekala, Director
Kerala State Literacy Mission Authority, Thiruvananthapuram. Printed at Vision Grafix, TVM. Ph: 0471-2340914